# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4515** **26.06.2014 ൽ മറുപടിക്ക്**

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുതിയ വിപണന കേന്ദ്രങ്ങൾ

**ചോദ്യം**
ശ്രീ.എ.എ.അസീസ്
ശ്രീ.കോവൂർ കുഞ്ഞുമോൻ

**ഉത്തരം**
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എത്ര വിപണനകേന്ദ്രങ്ങളാണ് പുതുതായി ആരംഭിച്ചത്; എവിടെയൊക്കെ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആരംഭിച്ച വിപണന കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ആകെ ആരംഭിച്ച 28 സൂപ്പർമാർക്കറ്റുകളിൽ 26 എണ്ണവും മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റായി ഉയർത്തിയവയും ( കൺവെർഷൻ) 2 എണ്ണം പുതിയതായി തുടങ്ങിയ തുമാണ്. 7 പീപ്പിൾസ് ബസാറുകളിൽ 6 എണ്ണം സൂപ്പർമാർക്കറ്റ്, മാവേലിസ്റ്റോർ എന്നിവ പീപ്പിൾസ് ബസാറായി ഉയർത്തിയതും ( കൺവെർഷൻ) ഒരെണ്ണം പുതിയതായി തുടങ്ങിയ തുമാണ്.

(ബി) നിത്യോപയോഗസാധനങ്ങൾ എത്ര ശതമാനം ലാഭമെടുത്താണ് കോർപ്പറേഷൻ ചില്ലറ വില്പന നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) സപ്ലൈകോ താഴെകൊടുത്തിരിക്കുന്ന 13 ഇനം അവശ്യവസ്തുക്കൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി വിലയിൽ നിശ്ചിത അളവിൽ വിതരണം ചെയ്തുവരുന്നു.

| ക്രമ നം. | ഇനം | നിലവിലെ സബ് സിഡി വില കി.ഗ്രാമിന് | നിലവിലെ പൊതു വിപണി വില |
|---|---|---|---|
| 1 | ചെറുപയർ | 55.00 | 93.50 |
| 2 | ഉഴുന്ന് (ബോൾ) | 42.00 | 84.86 |
| 3 | വൻകടല | 45.00 | 57.50 |
| 4 | വൻപയർ | 35.00 | 59.64 |
| 5 | തുവരപ്പരിപ്പ് | 45.00 | 76.29 |
| 6 | മുളക് | 55.00 | 95.29 |
| 7 | മല്ലി | 60.00 | 113.86 |
| 8 | പഞ്ചസാര | 26.00 | 34.43 |
| 9 | പച്ചരി | 21.00 | 28.70 |

| | | | |
|---|---|---|---|
| 10 | മട്ട അരി | 21.00 | 34.18 |
| 11 | കുറുവ അരി | 21.00 | 32.33 |
| 12 | ജയ അരി | 21.00 | 34.63 |
| 13 | വെളിച്ചെണ്ണ (ലിറ്ററിന് ) | 62.00 | 172.08 |

ഇങ്ങനെ വിതരണം ചെയ്യുന്ന 13 ഇനം സാധനങ്ങൾക്കും ലാഭം എടുക്കാറില്ല. മറിച്ച് വാങ്ങൽ വിലയേക്കാൾ വളരെ താഴ്ത്തിയാണ് സബ്സിഡി വിൽപ്പനവില നിശ്ചയിച്ചിരിക്കുന്നത് .

കൂടാതെ സപ്ലൈകോ ഇ-ടെണ്ടർ വഴി വാങ്ങുന്ന ഭക്ഷ്യവസ്തുക്കളുടെ വാങ്ങൽ വിലയോടൊപ്പം കടത്തുകൂലി, കൈകാര്യക്കുറവ് ഇവ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ശരാശരി 5 ശതമാനം മാർജിൻ എന്നിവ ചേർത്ത് ഫ്രീസെയിൽ വിലയിലാണ് ചില്ലറ വിൽപ്പനനടത്തുന്നത്. സബ്സിഡി നിരക്കിൽ നിജപ്പെടുത്തിയ അളവിൽ കൂടുതൽ മേൽ കാണിച്ച 13 ഇനം അവശ്യ സാധനങ്ങൾ ആവശ്യമുള്ളവർക്ക് ഇവ ഫ്രീസെയിൽ വിലയിൽ ലഭ്യമാക്കുന്നു. FMCG ഉൽപ്പന്നങ്ങൾ 4% മുതൽ 20% വരെ ലാഭമെടുത്താണ് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തുന്നത് .

Beena

**സെക്ഷൻ ഓഫീസർ**